

**15 വർഷം കഴിഞ്ഞ സർക്കാർ ജീവനക്കാർക്ക്**
**കുടുംബത്തോടൊപ്പം 6500 കിലോമീറ്റർ യാത്ര പോകാം**

# LTC

# ലീവ് ട്രാവൽ കൺസഷൻ


Compiled by

**Robin Samuel**

Junior Cooperative Inspector

Assistant Registrar (General) Office ,Sasthamcotta

## ○ ലീവ് ട്രാവൽ കൺസഷൻ



15 വർഷത്തെ സേവനമുള്ള ജീവനക്കാർക്ക്, അവരുടെ സർവീസിൽ ഒരിക്കൽ കുടുംബത്തോടൊപ്പം, പരമാവധി 6500 കിലോമീറ്റർ വരെ, (അങ്ങോട്ടും ഇങ്ങോട്ടും, കൂടി) രാജ്യത്തെ ഏത് സ്ഥലത്തേക്കും യാത്ര ചെയ്യാൻ ലീവ് ട്രാവൽ കൺസഷൻ അനുവദിക്കും.

## ○ അർഹത



- സംസ്ഥാന സർക്കാർ സർവീസിലെ ജീവനക്കാർ.
- എയ്ഡഡ് സ്കൂളുകളിലെയും എയ്ഡഡ് കോളേജുകളിലെയും ജീവനക്കാർ.
- അദ്ധ്യാപകർക്ക് സ്കൂൾ / കോളേജ് വെക്കേഷൻ സമയത്ത് മാത്രമേ LTC അനുവദിക്കുകയുള്ളൂ.
- തദ്ദേശസ്ഥാപനങ്ങളിലേത് ഉൾപ്പെടെ മുഴുവൻ സമയ ജീവനക്കാർ.
- പതിനഞ്ചു വർഷത്തെ സർവീസ് പൂർത്തിയാക്കിയിരിക്കണം.
- പെൻഷനു കണക്ക് കൂട്ടുന്ന എല്ലാ സർവീസും ഇതിനായി കണക്ക് കൂട്ടുന്നതാണ്.
- സർവീസിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം ലഭിക്കൂ.
- ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ആയിരിക്കുമ്പോൾ ആ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റാം.
- ജീവനക്കാരുടെ നിയന്ത്രണാധികാരി തന്നെയായിരിക്കും LTC അനുവദിക്കുന്നത് .വകുപ്പ് തലവന്മാരുടെ കാര്യത്തിൽ സർക്കാറായിരിക്കും അനുവദിക്കുന്നത് .

## ○ അർഹതയില്ലാത്തവർ



- കാഷ്വൽ/ദിവസ  വേതന അടിസ്ഥാനത്തിൽ/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ.
- വിരമിച്ചതിന് ശേഷം വീണ്ടും ജോലി ചെയ്യുന്നവർ
- മറ്റുജോലികൾക്കായോ പങ്കാളിയോടൊപ്പം കഴിയുന്നതിനായോ LWA യിൽ ആയിരിക്കുന്ന സമയം .
- സസ്പെൻഷനിൽ ആയിരിക്കുന്നവർ.
- LTC യുടെ മറ്റേതെങ്കിലും രൂപത്തിന് അർഹരായ  വ്യക്തികൾ. (KERALA HOUSE ജീവനക്കാർക്ക് അനുവദനീയമാണ്)
- നിശ്ചിത ശമ്പളത്തിൽ നിയമിക്കപ്പെട്ടവർ.
- പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ.

## ○ കുടുംബം



- സർക്കാർ ജീവനക്കാർ
- അവരുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്
- അവിവാഹിതരായ മക്കൾ
- നിയമപരമായി ദത്തെടുത്ത മക്കൾ

എല്ലാ ജീവനക്കാരും തങ്ങളുടെ കുടുംബാംഗങ്ങളുടെ വിവരങ്ങൾ സർവീസ് ബുക്കിലെ പേജ് നമ്പർ അഞ്ചിൽ  രേഖപ്പെടുത്തേണ്ടതും എൽടിസിക്കായി ജീവനക്കാർ അപേക്ഷ സമർപ്പിക്കുമ്പോൾ യാത്രയിൽ പങ്കെടുക്കുന്ന കുടുംബാംഗങ്ങളുടെ പേരും സർവീസ് ബുക്കിലെ പേരുകളും  തമ്മിൽ ഒത്തുനോക്കി മേലധികാരി ഉറപ്പ് വരുത്തേണ്ടതുമാണ് .

## ○ ഹോം ടൌൺ / ഏറ്റവും ചെറിയ നേരിട്ടുള്ള റൂട്ട്.



ഹോം ടൌൺ എന്നാൽ സർക്കാർ ഉദ്യോഗസ്ഥൻ പ്രഖ്യാപിക്കുകയും കൺട്രോളിംഗ് ഓഫീസർ അംഗീകരിക്കുകയും ചെയ്യുന്ന സ്ഥലം.

ഹോം ടൗൺ സംസ്ഥാനത്തിന് പുറത്താണ് സ്ഥിതി ചെയ്യുന്നതെങ്കിൽ , ആ ദിശയിലുള്ള സംസ്ഥാനത്തിനുള്ളിലെ അവസാന പോയിന്റിലേക്ക് ക്ലെയിം പരിമിതപ്പെടുത്തിയിരിക്കുന്നു.

യാത്ര ഏറ്റവും കുറഞ്ഞതോ മറ്റേതെങ്കിലും വഴിയോ നടത്തിയാലും, ഏറ്റവും കുറഞ്ഞ നേരിട്ടുള്ള റൂട്ടിലൂടെയുള്ള യാത്രാനിരക്കിൽ മാത്രമായി സർക്കാരിന്റെ സഹായം പരിമിതപ്പെടുത്തും.

ഹ്രസ്വമായ നേരിട്ടുള്ള റൂട്ട് എന്നാൽ സാധാരണ യാത്രാമാർഗങ്ങളിലൂടെ ഒരു സഞ്ചാരിക്ക് തന്റെ ലക്ഷ്യസ്ഥാനത്ത് ഏറ്റവും വേഗത്തിൽ എത്തിച്ചേരാൻ കഴിയുന്ന റൂട്ട് എന്നാണ് അർത്ഥമാക്കുന്നത്.

താമസ സ്ഥലത്തു നിന്നും റെയിൽവെ സ്റ്റേഷൻ / എയർപോർട്ട് / ബസ് സ്റ്റാൻഡ് തുടങ്ങിയ ഇടങ്ങളിലേക്കുള്ള ഓട്ടോക്കൂലി / ടാക്സിക്കൂലി റീഇമ്പേഴ്സ്മെൻറ് ചെയ്തു ലഭിക്കില്ല .

## ○ LTC സമയത്തെ അവധി



- അവധി ഉൾപ്പെടെ പതിനഞ്ചു ദിവസത്തേക്കായിരിക്കും ആനുകൂല്യം ലഭ്യമാവുക.
- Casual leave ,special casual leave , maternity leave തുടങ്ങിയ ഒഴികെയുള്ള ഏതു ലീവ് കാലയളവിലും LTC ലഭ്യമാകും
- LTC യുമായി ബന്ധപ്പെട്ട അവധി EL,HPL,കമ്മ്യൂട്ടഡ് ലീവ്,അല്ലെങ്കിൽ റൂൾ 88 പ്രകാരമുള്ള ശൂന്യ വേതന അവധിയായും മാറ്റാം.
- സ്കൂൾ കോളേജ് അധ്യാപകർക്ക് വെക്കേഷൻ അവധിക്കാലത്തും LTC അനുവദിക്കും
- റിട്ടയർമെന്റിനു മുന്നോടിയായുള്ള അവധി സമയത്തും LTC അനുവദിക്കും

## ○ സന്ദർശന സ്ഥലം



- ഇന്ത്യയിൽ എവിടേക്കും അങ്ങോട്ടും ഇങ്ങോട്ടും 6500 കിലോമീറ്റർ ദൂരമാണ് യാത്ര അനുവദിക്കുന്നത്.
- മുൻകൂട്ടി കൺട്രോളിങ് ഓഫിസറെ സ്ഥലം അറിയിക്കേണ്ടതാണ്.
- യാത്ര തുടങ്ങിക്കഴിഞ്ഞാൽ  മാറ്റാൻ കഴിയുകയില്ല .
- ജീവനക്കാരുടെ നിയന്ത്രണത്തിനപ്പുറത്തുള്ള കാരണത്താൽ യാത്ര തുടങ്ങും മുൻപ് ഡെസ്റ്റിനേഷൻ മാറ്റം സർക്കാരിന് പരിഗണിക്കാവുന്നതാണ് .

## ○ യാത്രാ മാർഗം



- റോഡ് .റെയിൽ ,വിമാനം ,സ്റ്റീമർ തുടങ്ങിയ മാർഗങ്ങൾ തിരഞ്ഞെടുക്കാം . എന്നാൽ യഥാർത്ഥത്തിൽ ചെലവാകുന്ന തുക മാത്രമേ ലഭ്യമാവുകയുള്ളൂ.
- KSR അനുസരിച്ച യാത്രകൾക്ക് ആ ഉദ്യോഗസ്ഥന് ലഭിക്കുന്ന യാത്രാപ്പടിയുടെ അടിസ്ഥാനത്തിൽ ആയിരിക്കും 100% യാത്രാ ചെലവും തിരികെ ലഭിക്കുന്നത്.

## ○ ലഭ്യമാകുന്ന തുക



- KSR അനുസരിച്ച യാത്രകൾക്ക് ആ ഉദ്യോഗസ്ഥന് ലഭിക്കുന്ന യാത്രാപ്പടിയുടെ അടിസ്ഥാനത്തിൽ ആയിരിക്കും 100% യാത്രാ ചെലവും തിരികെ ലഭിക്കുന്നത്.
- യാത്രാക്കൂലിക്ക് പുറമെ റിസർവേഷൻ ചാർജ് , സുരക്ഷാ ചാർജുകൾ തുടങ്ങിയവയും അനുവദിക്കും.

## ○ അഡ്വാൻസ് തുക



- കണക്കാക്കപ്പെടുന്ന തുകയുടെ 90% വരെയും അഡ്വാൻസ് ആയി ലഭിക്കുന്നതാണ്.
- ഫൈനൽ ബില്ല് യാത്ര കഴിഞ്ഞു ഒരുമാസത്തിനകം ക്രമീകരിക്കണം .
- ഫൈനൽ ബില്ല് ആ സമയത്തിനകം ക്രമീകരിക്കാത്ത പക്ഷം തൊട്ടടുത്ത സാലറിയിൽ നിന്നും അഡ്വാൻസ് ആയി കൈപ്പറ്റിയ തുക ഈടാക്കണം .
- അത്തരം റിക്കവറി സമയത്തു നടത്താതിരുന്നാൽ പിഴപ്പലിശ സഹിതം DDO അടയ്ക്കണം .
- അഡ്വാൻസ് കൈപ്പറ്റിയ തുക യാത്രയ്ക്ക് വിനിയോഗിക്കാതിരിക്കുകയോ ട്രഷറിയിൽ നിന്നും തുക കൈപ്പറ്റി 30 ദിവസത്തിനകവും യാത്ര ആരംഭിക്കാതിരിക്കുകയോ ചെയ്താൽ അഡ്വാൻസ് 18 % പലിശ സഹിതം തിരിച്ചടയ്ക്കേണ്ടി വരും കൂടാതെ അച്ചടക്ക നടപടിയും നേരിടേണ്ടി വരും .
- മുൻകൂർ വാങ്ങാതെയായാണ് യാത്ര നടത്തുന്നതെങ്കിൽ യാത്ര കഴിഞ്ഞു മൂന്നു മാസത്തിനകം LTC ക്ലെയിO ചെയ്തിരിക്കണം .
- യാത്ര തുടങ്ങുന്നതിനു അനുമതി കിട്ടി യാത്ര തുടങ്ങുന്നതിനു മുൻപ് ജീവനക്കാർ മരണപ്പെടുകയാണെങ്കിൽ കൈപ്പറ്റിയ അഡ്വാൻസ് നിയമപരമായ അവകാശികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കും .
- യാത്ര കഴിഞ്ഞു ക്ലെയിം സെറ്റിൽ ചെയ്യും മുൻപ് ജീവനക്കാർ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് തുക ക്ലെയിം ചെയ്യാം.

## ○ ഭാര്യയും ഭർത്താവും ജീവനക്കാരായിരുന്നാൽ



- ഭാര്യയും ഭർത്താവും ജീവനക്കാരായിരുന്നാൽ ഒരാൾക്ക് മാത്രമേ LTC ആനുകൂല്യം ക്ലെയിം ചെയ്യാൻ കഴിയൂ .
- appendix II ൽ ഭാര്യ / ഭർത്താവ് LTC ക്ലെയിം ചെയ്തിട്ടില്ല എന്ന് സർട്ടിഫിക്കേറ്റ് നൽകണം.

## ○ LTC ദുരുപയോഗപ്പെടുത്തുകയോ ക്രമക്കേട് നടത്തുകയോ ചെയ്താൽ



- കൈപ്പറ്റിയ തുക / അഡ്വാൻസ് 18 % പലിശ സഹിതം ഒറ്റതവണയായി തിരിച്ചു പിടിക്കും .
- പിന്നീടുള്ള സർവീസിൽ LTC അനുവദിക്കില്ല .
- ജീവനക്കാരനെതിരെ നിലവിലുള്ള നിയമപ്രകാരം അച്ചടക്ക നടപടിയെടുക്കും.

## ○ LTC – ചെക്ക് ലിസ്റ്റ്



1. Whether the Government Servant has completed 15 years of continuous service on the date of the journey?
2. Whether the claim has been preferred within one/three months of the date of completion of the return journey?
3. Whether the claim is for the journey performed within India to a maximum of 6500 KMs, (combined distance of to and fro journey to the destination)?
4. Relationship of the employee with the members of the family and age.
5. Whether the claim is by the shortest route?
6. Whether the Government Servant has previously intimated before the journey was undertaken?
7. Whether the journey has been recorded in the Service Book of both the parties, if husband and wife are employed under State Government?
8. Whether the concession has been availed previously?
9. Whether tickets/cash receipts in original are produced with the claims?

## ○ LTC – government orders and circulars

| | |
|---|---|
| **26.02. 2011** | സർക്കാർ ജീവനക്കാർക്ക് LTC അനുവദിച്ച ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ്.<br>**G.O/(P) No. 85/2011/Fin Dated, 26th February, 2011**<br><br>**VIEW / DOWNLOAD** |
| 31.12.2012 | സർക്കാർ ജീവനക്കാർക്ക് LTC അനുവദിച്ച ഉത്തരവ്.<br>**GO(P) No.713/2012 fin dated 31.12.2012**<br><br>**VIEW/DOWNLOAD** |
| 02.01.2013 | LTC വിശദമായ സർക്കാർ ഉത്തരവ്<br>**GO(P) No 5/2013/fin dtd 02-01-2013**<br><br>**VIEW/ DOWNLOAD** |
| **04.07.2013** | LTC head of Accounts<br>**GO(P).no.317-13-fin dated 04.07.2013**<br><br>**VIEW/ DOWNLOAD** |
| 05.10.2018 | പ്രഖ്യാപിത ലക്ഷ്യ സ്ഥാനം സംബന്ധിച്ച മാറ്റം സർക്കാരിന്റെ അനുമതിയോടെയേ പാടുള്ളൂ<br>**Circular No.92/2018 – Fin dated 05.10.2018**<br><br>**VIEW / DOWNLOAD** |
| 02.02.2019 | LTC സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ<br>**CircularNo. 10/2019/Fin dtd 02.02.2019**<br><br>VIEW/ DOWNLOAD |
| 13.02.2019 | ന്യൂ ഡൽഹി Kerala House ജീവനക്കാർക്ക് LTC അനുവദിച്ചുത്തരവ്<br>**GO(P).No.11/2019-fin dated 13.02.2019**<br>**VIEW/DOWNLOAD** |

| | |
|---|---|
| 03.12.2019 | അവധിയാത്രാ ആനുകൂല്യം (Leave Travel Concession) പ്രയോജനപ്പെടുത്തി നടത്തുന്ന വിമാനയാത്രയുടെ നിരക്ക് – പരിധി സംബന്ധിച്ച സർക്കുലർ ഇത് പിന്നീട് മാറ്റം വരുത്തി<br>CIRCULAR No. 94/2019/Fin Dated: 03.12.2019 |
| 02.04.2025 | അവധിയാത്രാ ആനുകൂല്യം (Leave Travel Concession) പ്രയോജനപ്പെടുത്തി നടത്തുന്ന വിമാനയാത്രയുടെ നിരക്ക് – പരിധി പുതുക്കി നിശ്ചയിച്ചു.<br>**CircularNo. 28/2025/Fin dtd 02.04.2025**<br><br>VIEW/ DOWNLOAD |
| **Application Form – LTC** | VIEW/ DOWNLOAD |

*Disclaimer: All data and information provided on this PDF is for informational purposes only. It is not an official document. Compiler will not be liable for any errors, omissions, or delays in this information or any losses, injuries, or damages arising from its display or use. Last updated 10th april 2025*